**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4704** **29-10-2021 - ൽ മറുപടിയ്ക്ക്**

**ചെമ്മീൻ പീലിംഗ് മേഖലയിൽ ജോലിചെയ്യുന്ന വനിതകളുടെ തൊഴിൽസാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം മുകേഷ് ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ചെമ്മീൻ പീലിംഗ് മേഖലയിൽ ജോലിചെയ്യുന്ന വനിത മൽസ്യത്തൊഴിലാളികളുടെ മോശമായ തൊഴിൽ സാഹചര്യവും സാമ്പത്തിക പിന്നോക്കാവസ്ഥയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി ഫിഷറീസ് വകുപ്പിന് കീഴിലുള്ള സാഫ് മുഖേന മത്സ്യവില്പ്പന, പീലിംഗ് എന്നീ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി രൂപീകരിച്ച് റിവോൾവിംഗ് ഫണ്ടായി പ്രവർത്തനമൂലധനം നൽകുന്ന JLG പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി 504 JLG കൾ നിലവിൽ രൂപീകരിച്ചിട്ടുണ്ട്. 5 മത്സ്യത്തൊഴിലാളി വനിതകൾ വീതം അംഗങ്ങളായിട്ടുള്ള ടി JLG കൾക്ക് 50000/-രൂപ വീതം (ഒരംഗത്തിന് 10000/-രൂപ വീതം) പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്തിട്ടുണ്ട്. ടി തുക തിരിച്ചടക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കും. കൂടാതെ സാഫ് മുഖേന ബദൽ ജീവനോപാധി പദ്ധതി നടപ്പിലാക്കുന്നതിനായി 15 കോടി രൂപയുടെ പദ്ധതി പരിശോധിച്ചുവരുന്നു. ഇതിൽ മത്സ്യഅനുബന്ധ മേഖലയിലെ പ്രധാനമായും മത്സ്യവില്പ്പന, പീലിംഗ് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതി ഘടകവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ അംഗത്വമുള്ള എല്ലാ പീലിംഗ് തൊഴിലാളികളും മത്സ്യഅനുബന്ധത്തൊഴിലാളി വിഭാഗത്തിലാണ് നിലവിൽ ഉൾപ്പെട്ടിട്ടുള്ളത്. മത്സ്യബോർഡ് മുഖേന മത്സ്യഅനുബന്ധത്തൊഴിലാളി വിഭാഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | നിലവിൽ നടപ്പിലാക്കി വരുന്ന എല്ലാ ക്ഷേമ പദ്ധതികളും പീലിംഗ് തൊഴിലിൽ ഏർപ്പെടുന്ന വനിതകൾക്കും ലഭ്യമാക്കി വരുന്നു. |
| (ബി) | പീലിംഗ് തൊഴിലാളികൾക്ക് മൽസ്യത്തൊഴിലാളികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും നൽകുന്നതിനും അവരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. മത്സ്യത്തൊഴിലാളി വനിതകളുടെ ഉന്നമനത്തിനായി ഫിഷറീസ് വകുപ്പിന് കീഴിലുള്ള സാഫ് മുഖേന മത്സ്യവില്പ്പന, പീലിംഗ് എന്നീ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകളുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാക്കി രൂപീകരിച്ച് റിവോൾവിംഗ് ഫണ്ടായി പ്രവർത്തനമൂലധനം നൽകുന്ന JLG പദ്ധതി നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി 504 JLG കൾ നിലവിൽ രൂപീകരിച്ചിട്ടുണ്ട്. 5 മത്സ്യത്തൊഴിലാളി വനിതകൾ വീതം അംഗങ്ങളായിട്ടുള്ള ടി JLG കൾക്ക് 50000/-രൂപ വീതം (ഒരംഗത്തിന് 10000/-രൂപ വീതം) പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ടായി വിതരണം ചെയ്തിട്ടുണ്ട്. ടി തുക തിരിച്ചടക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കും. കൂടാതെ സാഫ് മുഖേന ബദൽ ജീവനോപാധി പദ്ധതി നടപ്പിലാക്കുന്നതിനായി 15 കോടി രൂപയുടെ പദ്ധതി പരിശോധിച്ചുവരുന്നു. ഇതിൽ മത്സ്യഅനുബന്ധ മേഖലയിലെ പ്രധാനമായും മത്സ്യവില്പ്പന, പീലിംഗ് മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തുന്നതിനുള്ള പദ്ധതി ഘടകവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് കീഴിൽ അംഗത്വമുള്ള എല്ലാ പീലിംഗ് തൊഴിലാളികളും മത്സ്യഅനുബന്ധത്തൊഴിലാളി വിഭാഗത്തിലാണ് നിലവിൽ ഉൾപ്പെട്ടിട്ടുള്ളത്. മത്സ്യബോർഡ് മുഖേന മത്സ്യഅനുബന്ധത്തൊഴിലാളി വിഭാഗങ്ങൾക്ക് നിലവിൽ നടപ്പിലാക്കി വരുന്ന എല്ലാ ക്ഷേമ പദ്ധതികളും പീലിംഗ് തൊഴിലിൽ ഏർപ്പെടുന്ന വനിതകൾക്കും ലഭ്യമാക്കി വരുന്നു. |
| (സി) | സർക്കാർ തലത്തിൽ മാതൃകാ പീലിംഗ് ഷെഡുകൾ സ്ഥാപിച്ച് വനിതകൾക്ക് തൊഴിലവസരം നൽകുന്നതിനും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പീലിംഗ് ഷെഡുകളെ അത്തരം മാതൃകകളിലേക്ക് കൊണ്ടുവരുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ